**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 എ പ്രകാരമുള്ള തുക കക്ഷിയായ ശ്രീ. പി. രാധാകൃഷ്ണന് "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**
**സ.ഉ.(സാധാ)നം.842/2024/തസ്വഭവ. തിരുവനന്തപുരം, തീയതി: 09/05/2024**

---

പരാമർശം:- 1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 09/10/2018 ലെ എൽ.എ.ആർ. 58/2009 നമ്പർ കേസിലെ വിധിന്യായം
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 27/10/2023 ലെ കെ.16-191097/2019 നമ്പർ നടപടിക്രമം
3. സ.ഉ.(അച്ചടി) നം. 32/2019/ധന തീയതി 18/03/2019.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15/11/2023 ലെ എസ്റ്റ്1/909/2021/ട്രിഡ (2) നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 എ പ്രകാരം കക്ഷിയായ ശ്രീ. പി. രാധാകൃഷ്ണൻ സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 15,05,660/- (പതിനഞ്ച് ലക്ഷത്തി അയ്യായിരത്തി അറുനൂറ്റി അറുപത് രൂപ മാത്രം) അനുവദിക്കണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിലെ Sy No. 2059/1-1-1 (LA Sy No. 2059/8) ഉൾപ്പെട്ട 00.20 ആർസ് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 58/2009 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊന്നുംവില നിയമം സെക്ഷൻ 28 എ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 15,05,660/- (പതിനഞ്ച് ലക്ഷത്തി അയ്യായിരത്തി അറുനൂറ്റി അറുപത് രൂപ മാത്രം) "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും ശ്രീ. പി. രാധാകൃഷ്ണന് (TC 38/2134/, Thamarasseri Veedu, Amgalamman Kovil Street, Chalai, Thiruvananthapuram) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**മനോജ് റ്റി.**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)

ശ്രീ. പി. രാധാകൃഷ്ണൻ, TC 38/2134/, Thamarasseri Veedu, Amgalamman Kovil Street, Chalai,

Thiruvananthapuram

ജില്ലാ കളക്ടർ, തിരുവനന്തപുരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ / ഓഫീസ് കോപ്പി (File No. IA2/189/2023)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**